DESPATCHED
On..10/9/21.....

3/9/21


**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in


ഹർജി നമ്പർ **AP 502(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.4964/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 സെപ്റ്റംബർ 3

ശ്രീ. എ. സോമരാജൻ,
രക്ഷാധികാരി,
ശ്രീഭദ്രാ ഭഗവതി ക്ഷേത്രം,
മാറാംകുഴി, കുമ്മല്ലൂർ പി.ഒ.,
കൊല്ലം – 691 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
ഇലക്ട്രിക്കൽ സെക്ഷൻ,
കെ.എസ്.ഇ.ബി. ചാത്തന്നൂർ,
കൊല്ലം.
2. അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കെ.എസ്.ഇ.ബി., ചാത്തന്നൂർ,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.2.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.3.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.3.2021, 29.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.3.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 15.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.4.2021 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എ. സോമരാജൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ 22.02.2021-ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയില്ലെന്നും

ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ 1 ഉം 2 ഉം ഇനങ്ങളെ സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ ഉണ്ടായിട്ടും 1-ാം ഇനം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെന്നു കളവ് പറയുന്നു എന്നും അപ്പീൽ അധികാരിക്ക് അപ്പീൽ നൽകിയിട്ടും മേൽപ്പടി വസ്തുതകൾ പരിശോധിക്കുകയോ വിവരങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ എങ്കിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 22.2.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് 1145757004777 കൺസ്യൂമർ നമ്പറുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങളാണ് :

(i) മേൽപ്പടി കൺസ്യൂമർ നമ്പർ പ്രകാരം ഇലക്ട്രിക്കൽ കണക്ഷൻ എടുത്ത തീയതി ഏതെന്നും

(ii) മേൽപ്പടി കൺസ്യൂമർ നമ്പറിൽ ആരുടെ പേരിലാണ് കണക്ഷൻ കൊടുത്തിട്ടുള്ളത് എന്നും

(iii) മേൽപ്പടി കൺസ്യൂമർ നമ്പറിന്റെ ബിൽഡിംഗ് നമ്പർ അന്ന് എത്ര ആയിരുന്നു എന്നും മറ്റുമാണ്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 22.3.2021, 29.3.2021 എന്നീ തീയതികളിലെ അപ്പീൽ അപേക്ഷയ്ക്ക് 30.3.2021 ന് മറുപടി നൽകിയിട്ടുണ്ടെന്നും 22.3.2021 ന് അപ്പീൽ നൽകിയശേഷം സമയപരിധി കഴിയുന്നതിന് മുൻപേ 29.3.2021 ന് വീണ്ടും അപ്പീൽ അപേക്ഷ നൽകിയെന്നും കമ്മീഷനിൽ 13.4.2021 ന് നൽകിയ രണ്ടാം അപ്പീലും സമയപരിധിയ്ക്ക് മുൻപാണ് സമർപ്പിച്ചതെന്നും 27.4.2021ന് ടിയാന് വിശദമായ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ 22.3.2021 ലെ അപ്പീൽ അപേക്ഷ 30.3.21 ന് തീർപ്പാക്കിയതായി കാണുന്നു. എന്നാൽ അപ്പീൽ ഹർജിക്കാരൻ 22.2.2021 ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 21.3.2021 ന് മറുപടി തയ്യാറാക്കിയെങ്കിലും ആയത് 26.3.2021 നാണ് അയച്ചു നൽകിയിട്ടുള്ളത് എന്നതും അപേക്ഷയിലെ 1, 3 പിരിവുകൾക്ക് രജിസ്റ്റർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ് എന്ന മറുപടി നൽകിയതും വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഭാവിയിൽ വിവരാവകാശ

അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് എതിർകക്ഷികളെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

5. ഹർജിക്കാരൻ 30.4.2021 ന് കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ കത്തിലൂടെയും ഹിയറിംഗുമായി ബന്ധപ്പെട്ട് ടിയാനെ ഫോൺ മുഖേന കമ്മീഷൻ ഓഫീസിൽ നിന്ന് ബന്ധപ്പെട്ടപ്പോഴും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം അപ്പീൽ അധികാരി ലഭ്യമാക്കിയിട്ടുണ്ടെന്നും ടി മറുപടിയിൽ തൃപ്തനാണെന്നും ബോധിപ്പിച്ചിട്ടുള്ളത് പരിഗണിച്ച് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് വിലയിരുത്തി ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 സെപ്റ്റംബർ 3-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk